# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2545** | **12.06.2018- ൽ മറുപടിയ്ക്ക്**

## കാർഷിക മേഖലയിൽ സഹകരണ വകുപ്പിന്റെ ഇടപെടൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. സ്വരാജ്** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ കാർഷിക മേഖലയിൽ സഹകരണ വകുപ്പ് എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) ഇടപെടലുകൾ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |
| (ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) 1. 3 ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ പൂർണ്ണമായി ഒഴിവാക്കി നൽകുന്നതിനായി ഉത്തേജന പലിശയിളവ് പദ്ധതി നടപ്പാക്കി വരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരിന്റെ 3% പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരും 4% സബ്സിഡി നൽകി പൂർണ്ണമായ പലിശയിളവ് നൽകി വരുന്നു.<br>2. കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, കർഷകരെ പ്രോൽസാഹിപ്പിക്കുന്നതിനുമായി ഓരോ ബ്ലോക്ക് പഞ്ചായത്തുകളിലേയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ കർഷക സേവന കേന്ദ്രങ്ങൾ ആരംഭിച്ച് ധനസഹായം നൽകി അതിന്റെ പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്.<br>3. ഓഹരി മൂലധനം, വായ്പ, സബ്സിഡി മുതലായ സഹായങ്ങൾ നൽകി പ്രാഥമിക സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>4. സഹകരണ സംഘങ്ങൾ മുഖേന |

പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5. സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരണം നടത്തുന്നതിനുള്ള പദ്ധതിനിർദ്ദേശം പരിഗണനയിലാണ്. പാലക്കാട് ജില്ലയിൽ കർഷകർ നെല്ല് അളന്ന ഉടനെ സഹകരണ സംഘങ്ങളിലൂടെ പണം നൽകുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**